LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന കേസ്സുകളുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | 2014 | 2015 | 2016 | 2017 | 2018 | ആകെ |
|---|---|---|---|---|---|---|---|
| 1 | FSL, Tvpm | 169 | 353 | 1065 | 1771 | 2507 | 5865 |
| 2 | RFSL, Thrissur | 0 | 17 | 403 | 618 | 915 | 1953 |
| 3 | RFSL, Kannur | 169 | 317 | 361 | 270 | 433 | 1550 |
| 4 | RFSL, Kochi | 0 | 0 | 0 | 22 | 226 | 248 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 30-11-2016-ലെ കെ.പി.എച്ച്.സി.സി.-യുടെ MoPF/6848/2015 നമ്പർ പ്രവർത്തനാനുമതി പ്രകാരം കൊച്ചിയിൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 28-2-2018-ലായിരുന്നു നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത്. ചുറ്റുമതിൽ, ഗേറ്റ്, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിനും ഓഫീസ് സജ്ജീകരിക്കുന്നതിനുമുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

(ഡി&ഇ) കൊച്ചിയിൽ പുതിയ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല. പരീക്ഷണശാലകളുടെ സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ലാബ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഉന്നത തസ്തികകളിലെ നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ്**

189 (198) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല തസ്തികകളിലെ നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കണമെന്നും അത് കർശനമായി പാലിക്കണമെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജരായി കെ.റ്റി. അദീബിനെ നിയമിച്ച വേളയിൽ മേല്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ക്ലിയറൻസ് വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. 16-7-2018-ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഈ തസ്തികയിലേയ്ക്ക് അന്യത്ര സേവനവ്യവസ്ഥയിലുള്ള നിയമനം നടത്തുകയായിരുന്നു.

**വിജിലൻസ് മിന്നൽ പരിശോധന**

190 (199) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി നവംബർ മാസം കോർപ്പറേഷനുകളിലും മുൻസിപ്പൽ ഓഫീസുകളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച റിപ്പോർട്ട് വിജിലൻസ് സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നവംബർ മാസം വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പൽ ഓഫീസുകളിലും മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി &സി) മിന്നൽ പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തയ്യാറാക്കി വരുന്നു. ആയത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.